# പത്താം ക്ലാസ് – അടിസ്ഥാന പാഠാവലി

## ഓണമുറ്റത്ത് – വൈലോപ്പിള്ളി



***വൈലോപ്പിള്ളി ശ്രീധരമേനോൻ:*** *ജീവിത യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകളെഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ.*

**ഏറണാകുളത്തെ കലൂരിൽ ജനിച്ചു.'' *കാച്ചിക്കുറുക്കിയ കവിത* ''എന്ന് അദ്ദേഹത്തിന്റെ രചനകൾ വിശേഷിപ്പിക്കപ്പെടുന്നു. അധ്യാപകനായിരുന്നു. കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാന്റ് നെഹ്റുഅവാർഡ്,ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.**

***കൃതികൾ:*** **കന്നിക്കൊയ്ത്ത് ,ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽകാക്കകൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത് ,മിന്നാമിന്നി, പച്ചക്കുതിര, കുട്ടിക്കവിതകൾ, മുകളമാല, കുരുവികൾ (കവിതാ സമാഹാരങ്ങൾ) മൃതസഞ്ജീവനി (കാവ്യ നാടകം ), ഋശ്യശൃംഗനും അലക്സാണ്ടറും (നാടകം) കാവ്യലോക സ്മരണകൾ (ആത്മകഥ ) ജീവിത യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുന്ന കവിതകളെഴുതി ശ്രദ്ധേയനായ മലയാള സാഹിത്യകാരനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ.**

- ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമാക്കി മലയാള കവിതയിൽ ഉജ്ജ്വല മുഹൂർത്തങ്ങൾ തീർത്ത വൈലോപ്പിള്ളി ശ്രീധരമേനോന്റെ “വിട"എന്ന കാവ്യസമാഹാരത്തിലെ കവിതയാണ് ഓണമുറ്റത്ത്. ഗ്രാമവും ഗ്രാമീണതയും കാർഷിക സംസ്കൃതിയും അദ്ദേഹത്തിന്റെ കവിതകളിലെ നിറസാന്നിദ്ധ്യമാണ്.

- ആതിര രാവിനെപ്പറ്റിയും കൊന്നപ്പൂങ്കുല വാരിച്ചാർത്തി സുന്ദരസ്മിതം തൂകി നിൽക്കുന്ന വിഷുപ്പുലരിയെപ്പറ്റിയും മലയാളിയുടെ മനസ്സിലെ മധുരോദാരവികാരമായ ഓണത്തെപ്പറ്റിയും പാടി മതിവരാത്ത കവിയാണ് വൈലോപ്പിള്ളി.
- മലയാളിയുടെ ദേശീയോത്സവമാണ് തിരുവോണം. പൊന്നിൻ ചിങ്ങത്തിന്റെ സൗന്ദര്യം മുഴുവൻ ആവാഹിക്കാൻ മലയാളികൾ ഓണക്കാലത്തു ശ്രദ്ധിക്കുന്നു.
- ഐതിഹ്യവും ആഘോഷവും കൂടിക്കലർന്ന തിരുവോണത്തെ 'ഓണമുറ്റത്ത്' എന്ന കവിതയിലൂടെ ആവിഷ്കരിക്കുന്നു.
- ഈ മലനാട്ടിൽ വായുവിൽ മധുരവും ഉദാരവു(മഹത്വം)മായ ഒരു വികാരം അലയടിക്കുന്നു. മഞ്ഞിനാൽ ഈറനടുത്തൊരു പാവനഭാവമാണത്.
- *തുമ്പകൾ* : മഴക്കൊണ്ടാലും മേടുകൾ തോറും പാവം തുമ്പകൾ പൂക്കുട നിറച്ച് വിറച്ചുനിൽക്കുന്നു. **(വാങ്മയചിത്രം– പ്രകൃതിയിൽ മനുഷ്യഭാവം)**
- *മുക്കുറ്റികൾ* :തിരികൾ തെറുത്ത് കൊളുത്താൻ യോജിച്ച മുഹൂർത്തം നോക്കി, കുഴഞ്ഞ് മടങ്ങിയ കൈവിരലോടെ മുക്കുറ്റികൾ ദീപക്കുറ്റികൾ നാട്ടിനിൽക്കുന്നു. **(വാങ്മയചിത്രം– പ്രകൃതിയിൽ മനുഷ്യഭാവം)**
- *നെയ്യാമ്പലുകൾ :* അല്പംപോലും ഉറങ്ങാതെ വയലേലകളിൽ സ്വർണ്ണനിറത്തിലുള്ള കിഴികൾ എരിയുന്ന വെള്ളിത്താലങ്ങളുമായി എമ്പാടും നെയ്യാമ്പലുകൾ ശോഭിച്ചുനിൽക്കുന്നു.

**(വാങ്മയചിത്രം– പ്രകൃതിയിൽ മനുഷ്യഭാവം)**

- *രാത്രി :* നേരത്തേ (കാലേ) നിലാവു പരന്ന രാത്രിയിൽ കമുകിൻ പൂക്കുലയരി നിറഞ്ഞ് മനോഹരമായി (ഭൂമ) എതിരേറ്റുനിൽക്കുന്ന വഴിയിലൂടെ ഓണത്തപ്പൻ (മഹാബലി) എഴുന്നള്ളുകയായി. അല്ലയോ ഉണ്ണികളേ, അലകടലേ ആർത്തുവിളിക്കുവിൻ, അരുവികളെ, ചെറുകന്യകമാരെ നിങ്ങൾ മേന്മേൽ കുരവയിടൂ. ഇതുപോലൊരു നല്ല അതിഥി നമുക്ക് വേറെ ആരാണ് ഉള്ളത് (മഹാബലിയുടെ വരവിനെ ആഘോഷമാക്കാൻ കവി പറയുന്നു).

- *പ്രഭാതം* : നീളമുള്ള മലയുടെ ചങ്ങലവട്ട (വിളക്ക്) യിൽ, തിരിനാളം പാടല (ഇളം ചുവപ്പ് ) നിറമാർന്ന വിരലാൽ നീട്ടിയും മനോഹരമായ കവിളുകൾ തുടുത്തും കുറച്ച (തെല്ലൊരു) നാണത്തോടെ പതുങ്ങി ഒരുങ്ങി ഓടിക്കോടി ഉടുത്തുവരുന്ന പ്രഭാതമേ (ഉഷസ്സേ) പനിനീരുകൊണ്ട് കാലുകൾ കഴുകിച്ച് മാവേലി മന്നനെ മണിപീഠത്തിലിരുത്തു. ഞങ്ങളുടെ കൊച്ചുകിനാവുകൾ (സ്വപ്നങ്ങൾ) തേടിയലഞ്ഞു പൂക്കളമെഴുതി കാത്തുനിന്ന അരചനെ (ച്രക്രവർത്തി) മലയാള നാടിന്റെ അങ്കണ(മുറ്റം)ത്തിലെ മണിപീഠത്തിലിരുത്തു.
  അതിഥിയെ സ്വീകരിക്കാൻ ചങ്ങലവട്ടയുമായി വരുന്ന കന്യകയാണ് ഉഷസ്സ്. ഉദയസൂര്യനാകുന്ന വിളക്കിന്റെ നാളം അൽപമൊന്ന് ഉയർത്തി ലജ്ജാഭാരത്താൽ തുടുത്ത കവിളുകളോടെ ഉഷസ്സ് ഒതുങ്ങി നിൽക്കുന്നു. (വാങ്മയചിത്രം- പ്രകൃതിയിൽ മനുഷ്യഭാവം)
- ഞാൻ പഴയ ഒരു പുള്ളുവനാണ്. പായും കുട്ടയും നെയ്യുകയും പലതരത്തിലുള്ള കൈവേലകൾ ചെയ്യുകയും പുഞ്ചകൾ (ഒരു വിളവ് മാത്രം എടുക്കുന്ന നിലം) കൊയ്യുന്ന സമയം കറ്റകൾ മെതിച്ച് കിതക്കുന്ന പെൺകൊടിമാരുടെ കരളുകൾ തുള്ളാൻ കാലുകളിൽ നൃത്തച്ചുവടുകൾ (കലവികൾ-കളികൾ) വിരിയാൻ മനോഹരമായ നാടൻ കവിതകൾ പാടി അരികിൽ ഞാനും എന്റെ വീണപ്പെണ്ണും ഇരിക്കും. ഇതിനിടയിൽ വെറ്റില മുറുക്കാനോ അല്പം നെല്ല് കൊറിക്കാനോ കിട്ടിയാലായി.
  ***നാടോടിസംസ്കൃതിയെയും കാർഷിക പാരമ്പര്യത്തെയും തോറ്റിയുണർത്തുന്ന കവി ഇവിടെ ഒരു പുള്ളുവനാകുന്നു.***
- നാടിന്റെ നന്മക്കുവേണ്ടി,ഐശ്വര്യത്തിനുവേണ്ടി പ്രതിഫലേച്ഛ കൂടാതെ വീടുകൾ തോറും പാട്ടുപാടി കയറിയിറങ്ങിയിരുന്ന പുള്ളുവന്റെയും പുള്ളളോത്തിയുടെയും ഓർമ്മ. ഒപ്പം കവിയുടെ ധർമം തിരിച്ചറിയുന്ന പാട്ടുകാരനായി വൈലോപ്പിള്ളി മാറുന്നു.
- ഞാൻ ഓണക്കാലത്ത് ഉണരുന്നു. എന്റെ പാട്ടുകളാവട്ടെ ഓണപ്പാട്ടുകളും. , പൊന്നിൻചിങ്ങം വന്നു പിറന്നു കരഞ്ഞ് ചിരിച്ച് കുടഞ്ഞ്, ഓണത്തിൻ മധുരക്കറി

മനോഹരമായ വായിൽ തേച്ച് അത് നൊട്ടി നുണഞ്ഞ് കളിക്കുന്ന കുട്ടികൾക്ക് ഒപ്പം ഓണത്തപ്പൻ പൂത്തറമേൽ പനയോലക്കുടയും ചൂടി ഇരിക്കുമ്പോൾ ഞാൻ മലയാള തറവാട്ടിലെ മുറ്റത്ത് വെൺമണലിൽ ഇരിക്കുന്നു. കൊഞ്ചലോടെ എന്റെ പ്രിയ വീണപ്പെണ്ണ് കയ്യിൽ ചാഞ്ഞുകിടക്കുന്നു.

- പഴമയിൽ ഇഴയുന്ന പല്ലുകൊഴിഞ്ഞ പാട്ടാണെന്ന് ***പരിഷ്കാരത്തിൽ തിണ്ണയിലുള്ളവർ*** (ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ട നാഗരിക സംസ്കൃതി) പഴിക്കാം (കുറ്റം പറയാം). പഴവും അരിയും പപ്പടവും തന്ന് കഴിയുന്നത്ര വേഗത്തിൽ പറഞ്ഞയക്കാൻ നോക്കാം. എന്നാലും എന്റെ അഭിമാനം എത്രയെന്ന് ഇവർ അറിയുന്നില്ല. എന്റെ മുമ്പിൽ നവരത്നങ്ങളിൽ (മുത്ത്, മാണിക്യം, വൈഡൂര്യം, ഗോമേദകം, വ്രജം, പവിഴം, പത്മരാഗം, മരതകം, ഇന്ദ്രനീലം) ഒന്നായ ഗോമേദകത്തിൽ നിറമാർന്ന മിഴികളുമായി കാഞ്ചന (സ്വർണ്ണം) സിംഹാസനത്തിൽ മൂന്നു ലോകവും (ഭൂമി, ആകാശം, പാതാളം) ഭരിച്ച മഹാബലി ചക്രവർത്തി മുത്തുക്കുടയും ചൂടി ഇരിക്കുന്നു.

- ***കവിതയിലെ പ്രധാന പ്രമേയങ്ങൾ***

- 'ഓണത്തെ വരവേൽക്കുന്ന പ്രകൃതി, പുള്ളുവന്റെ വരവ്, നഷ്ടമാകുന്ന നാടോടി സംസ്കൃതി, ഓണം, പുള്ളുവപാട്ടും, പുള്ളുവനേയും പഴയ പാട്ടുകളേയും പറ്റി ഇന്നത്തെ തലമുറയുടെ കാഴ്ചപ്പാട്.
- സിനിമാറ്റിക് നൃത്തങ്ങളും പാട്ടുകളും ഇന്ന് പുള്ളുവന്റെ പാട്ടിന്റെ സ്ഥാനം അപഹരിച്ചു.പരിഷ്കൃത സമൂഹത്തിന്റെ കാഴ്ചപ്പാട്.പഴമയുടെ മേന്മയിൽ പുള്ളുവനായ കവിയ്ക്കുണ്ടാകുന്ന അഭിമാനം.
- പുള്ളുവന്റെ പാരമ്പര്യം അവകാശപ്പെടുന്നു. ***പാരമ്പര്യത്തിന്റെ നന്മ തന്റെ കൈയ്യിലുണ്ടെന്ന് കവി അഭിമാനിക്കുന്നു.***
- ഓണക്കാലത്തിന്റെ വർണ്ണനാചിത്രത്തിനപ്പുറം മലനാട്ടുജീവിതസംസ്കാരത്തിന്റെ മധുരോദാരവും പാവനവുമായ സങ്കൽപ്പങ്ങളെ തോറ്റിയെടുക്കുന്ന ഗീതമായി ഈ കവിതയെ വിലയിരുത്താം.

- മാവേലിത്തമ്പുരാന്റെ വരവറിയിക്കുന്ന പുള്ളുവനായി കവി മാറാൻ ശ്രമിക്കുന്നു.
- പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ പരിഹസിക്കാം. എന്നാലും തളരില്ല. അചഞ്ചലവും ആത്മാർത്ഥവുമാണ് ഗ്രാമജീവിത ധന്യതയെക്കുറിച്ചുള്ള കവിസങ്കൽപ്പം.'

### ***ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ് -ഉപന്യാസം -പ്രധാന ആശയങ്ങൾ***

- ഓണം-മഹാബലി-ഐതിഹ്യം-മാവേലിയുടെ സന്ദേശം
- കേരളീയർ ജാതിഭേദമോ,ദേശഭേദമോ ഇല്ലാതെ ആഘോഷിക്കുന്നു, പൂക്കളം-സമത്വസൂചന, വിവിധ പൂക്കൾ- സുന്ദരമായ പൂക്കളം
- പൂക്കളം, പുത്തൻവസ്ത്രം, സദ്യ, തിരുവാതിരക്കളി, തുമ്പിതുള്ളൽ, നാടൻ കലകൾ, മറ്റു ഓണക്കളികൾ, ആഘോഷം
- കൊയ്ത്തുത്സവം-മീനകൊയ്ത്ത്-പുന്നെല്ലരി-മറ്റു കാർഷിക വിഭവം
- വള്ളംകളി മത്സരങ്ങൾ-ലോകമെങ്ങുമുള്ള മലയാളികൾ ഒന്നിക്കുന്ന സുദിനം
- ഓണം- മാറ്റം-കൃഷിയില്ല--പച്ചക്കറി അന്യസംസ്ഥാനം-ഓണം പാക്കറ്റിലായി-ഹോട്ടൽസംസ്കാരം
- ചാനൽ-ഓണം-മലയാളി മടിയൻ-വിപണി കീഴടക്കിയ ഓണം
- വിപണി ഓണം-മെഗാ ഓഫർ-ഡിസ്കൗണ്ട് മേള- പരസ്യം-കമ്പനികൾ ലാഭം കൊയ്യുന്നു.
- ഓണക്കളികൾ-അന്യമായി-ചാനൽസംസ്കാരം-മലയാളി പങ്കാളിത്തം കുറവ്
- മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ-എന്ന ഓണപ്പാട്ട് വർത്തമാനകാലത്ത് അപ്രസക്തമാകുന്നു